## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3959 27.06.2012-ൽ മറുപടിയ്ക്ക്

### മെഡിക്കൽ കോളേജുകളുടെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ അസൗകര്യങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പുതിയ ഒ.പി ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്ന നടപടി പൂർത്തിയായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ നിലവിലുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ യുടെ കീഴിൽ 150 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ മെഡിക്കൽ കോളേജുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | | |
| സി) | മെഡിക്കൽ കോളേജുകളിൽ ലക്ചർ തിയേറ്റർ കോംപ്ലക്സ് ആരംഭിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി നീക്കിവച്ച തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ